# നിശ്ശബ്ദ താഴ്വര രാജീവിനെ കാത്തിരിക്കുന്നു

പ്രത്യേക പ്രതിനിധി

പാലക്കാട്: ഇന്ദിരാപ്രിയദർശിനിയുടെ സ്വപ്നമാണ് നിശ്ശബ്ദ താഴ്വരയിലെ ദേശീയ പാർക്ക്. ഇന്ദിരയുടെ പാദസ്പർശമേൽക്കാൻ സൈലൻറ്വാലിക്കും, സൈലൻറ്വാലിയുടെ മനോഹാരിത നുകരാൻ ഇന്ദിരക്കും ഭാഗ്യമില്ലാതെപോയി. നൊമ്പരപ്പെടുത്തുന്ന ഈ ഓർമ്മകളുമായി വരുന്ന രാജീവ്ഗാന്ധിയെ നിശ്ശബ്ദതാഴ്വര കാത്തിരിക്കുന്നു.

ലോകം മുഴുക്കെ ശ്രദ്ധിച്ച ആ പരിസ്ഥിതി വിവാദത്തിൻെറ ഒടുക്കത്തിൽ ഇന്ദിരാഗാന്ധി കൈക്കൊണ്ട തീരുമാനത്തെ പ്രകൃതിസ്നേഹികൾ നന്ദിയോടെ ഓർക്കുന്നു. രാഷ്ട്രീയവും മററുമായ എല്ലാ സമ്മർദ്ദങ്ങളേയും അതിജീവിച്ച്, അത്യപൂർവ്വമായ ഈ ജൈവമണ്ഡലത്തെ ദേശീയപാർക്കായി സംരക്ഷിക്കാനാണ് ഇന്ദിരാഗാന്ധി തീരുമാനിച്ചത്. അവരുടെ ആഗ്രഹത്തിൻെറ ഭാഗികമായ പൂർത്തീകരണമാവും രാജീവിൻെറ സന്ദർശനം.


89,00 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പ്രകൃതിദത്ത വനത്തിൻെറ അത്യപൂർവ്വതകൾ ഏറെ പ്രതിപാദിക്കപ്പെട്ടതാണ്. ലോകത്ത് അവശേഷിക്കുന്ന അപൂർവ്വം നിത്യഹരിതവനങ്ങളിലൊന്നാണിത്. അഞ്ഞൂറ് ലക്ഷം വർഷത്തെ വികാസപരിണാമങ്ങൾക്കിടയിൽ നാമാവശേഷമായ പലതരം ജീവജാലങ്ങളും തരുലതാദികളും ഇന്നുമിവിടെ അവശേഷിക്കുന്നുവത്രെ. മനുഷ്യൻെറ ഇടപെടൽ അധികമില്ലാതെ സ്വാഭാവികമായി നിലനിൽക്കുന്ന ഈ ജൈവമണ്ഡലത്തിൻെറ വൈവിദ്ധ്യവും സമ്പന്നതയും പ്രകൃതിശാസ്ത്രജ്ഞന്മാർ ഏകസ്വരത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. തനതായ ഈ പ്രകൃതിപ്രതിഭാസത്തെ നശിക്കാൻ വിട്ടാൽ, ഒരു സാമ്പത്തികശക്തിക്കും മനുഷ്യ ബുദ്ധിക്കും പുന:സൃഷ്ടിക്കാനാവില്ല.

നിശ്ശബ്ദ താഴ്വരയെ ഭാവി തലമുറയ്ക്കു വേണ്ടി സംരക്ഷിക്കാനാണ് നാഷനൽ പാർക്ക് രൂപീകരിച്ചത്. രണ്ടു വർഷത്തിനിടയിൽ ഒച്ചിൻെറ വേഗത്തിലാണെങ്കിലും പാർക്കിൻെറ പദ്ധതികൾ മുന്നോട്ടു പോകുന്നുണ്ട്. ജൈവമേഖലയുടെ പരിപൂർണ്ണ സംരക്ഷണത്തിനുള്ള പദ്ധതികളാണ് ഇതിൽ പ്രധാനം. വൈൽഡ്ലൈഫ് വാർഡനേയും അസിസ്റ്റൻറ് വൈൽഡ്ലൈഫ് വാർഡനേയും അനേകം സംരക്ഷണ ഉദ്യോഗസ്ഥന്മാരെയും നിയമിക്കേണ്ടതുണ്ട്. ഇതിൽ അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡനേയും ഏതാനും ഗാർഡുമാരെയും ഇതിനകം നിയമിച്ചിട്ടുണ്ട് വാഹനവും നൽകിയിട്ടുമുണ്ട്.

വനം കൊള്ളക്കാരിൽ നിന്നും മൃഗവേട്ടക്കാരിൽ നിന്നും വനത്തെ സംരക്ഷിക്കാനുള്ള ഏർപ്പാടുകൾ പദ്ധതിയിൽ കാണുന്നു. വയർലസ്സ് സംവിധാനങ്ങളോടു കൂടിയ നിരീക്ഷണകേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പരിപാടി ഇനിയും നടപ്പാക്കിയിട്ടില്ല. സൈലൻറ് വാലിക്ക് മറെറാരു പ്രധാന ഭീഷണി കാട്ടുതീയാണ്. ഫലപ്രദമായ അഗ്നി നിയന്ത്രണ പരിപാടികൾ നടപ്പാക്കും. വേനൽക്കാലത്ത്. വിനോദ സഞ്ചാരികളാണ് മിക്കപ്പോഴും കാട്ടുതീക്ക് കാരണക്കാർ. ഇനിയങ്ങോട്ട് സന്ദർശകരുടെ കാര്യത്തിൽ കർശനനിയന്ത്രണം ഏർപ്പെടുത്തും. വേനൽക്കാലത്ത് സന്ദർശകരെ ഒട്ടും അനുവദിക്കില്ല.

അണക്കെട്ട് പണിയാൻ വേണ്ടി വിദ്യുച്ഛക്തി വകുപ്പ് നിർമ്മിച്ച 25 കിലോമീററർ വരുന്ന സൈലൻറ്വാലി—മുക്കാലിറോഡ് തൽക്കാലം പ്രധാനമന്ത്രിക്കു വേണ്ടി അററകുററപ്പണി ചെയ്ത് നന്നാക്കുന്നുണ്ടെങ്കിലും ആ വഴിക്ക് മേലിൽ വാഹനഗതാഗതം അനുവദിക്കില്ല. ഗവേഷകർക്കും പാർക്കുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും മാത്രമേ വാഹനമുപയോഗിക്കാൻ അനുവാദി നൽകൂ. നിരീക്ഷണ ഉദ്യോഗസ്ഥന്മാർക്ക് ഉൾക്കാടുകളിൽ സഞ്ചരിക്കാൻ ആനകളെ ഉപയോഗിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. ഡാംസൈററിനടുത്ത വിദ്യുച്ഛക്തി ബോർഡ് പണിതതും തകർന്നു പോയതുമായ ക്വാർട്ടേഴ്സ വനം വകുപ്പ് ഏറെറടുത്ത് ഉപയോഗപ്രദമാക്കും.

ശേഷം 5-ാം പേജ് 2-ാം കോളം



സൈലൻറ് വാലിയിൽ കുന്തിപ്പുഴക്കുള്ള അണക്കെട്ടിൻെറ ഭാഗമായി പണിത ബെയ്ലി ബ്രിഡ്ജ്. അണക്കെട്ടില്ലെന്ന് വന്നതോടെ ഇതും ഉപയോഗശൂന്യമായി. ചുററും കാടുകൾ വീണ്ടും തഴച്ചുവളരുന്നു



മനുഷ്യൻ കടന്നുകയറി നാശം വിതച്ച 'നിശ്ശബ്ദ താഴ്വരകൾ'
വീണ്ടും മോചനം : പുതിയ നാഷനൽ പാർക്കിന്റെ ഭാഗം

# ജീൻ കലവറ

1–ാം പേജ് 8–ാം കോളം തുടർച്ച

ഇന്ന് നാം കൃഷി ചെയ്യുന്ന മിക്കവാറും ചെടികളുടെയും വന്യരൂപങ്ങൾ സൈലന്റ്‌വാലി വനത്തിലുണ്ട്. ഈ വനത്തെ ഒരു 'ജീൻകലവറ എന്ന് ഗവേഷകർ വിശേഷിപ്പിക്കുന്നത് ഈ കാരണത്താലാണ്. വരും തലമുറക്ക് വേണ്ടി ഈ സസ്യജാലങ്ങൾ സംരക്ഷിക്കപ്പെടണം. എന്തെങ്കിലും രോഗ ബാധയാലോ മറ്റോ ഏതെങ്കിലും കൃഷിയിനം കുറ്റിയറ്റു പോയാൽ മനുഷ്യ രാശിക്ക് അവയെ വീണ്ടെടുക്കാനുള്ള അപൂർവ്വ കേന്ദ്രമായി ഇത്തരം വന ങ്ങൾ നിലനിർത്തേണ്ടിയിരിക്കുന്നു. നാഷനൽ പാർക്കിന്റെ ഉദ്ദേശ്യ ഇതു തന്നെയാണ്. വരുംകാല ഗവേഷകർക്ക വേണ്ടി ഈ മേഖലയുടെ ''വെജിറ്റേഷൻ മേപ്പ്'' തയ്യാറാക്കാനും പരിപാടിയുണ്ട്.

''സൈലന്റ്‌വാലി'' വിവാദത്തെത്തുടർന്ന് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് ഗവേഷകരും എഴുത്തുകാരും ഇവിടെ വരികയുണ്ടായി. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തന്നെ പാർക്ക് ഉദ്ഘാടനം ചെയ്യാൻ ഇങ്ങോട്ട് വരേണ്ടിയിരുന്നതാണ്.

രാജീവിനെ സ്വീകരിക്കാനുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മുക്കാളിയിൽ കാലാവസ്ഥ പ്രതികൂലമാവാനിടയുള്ളതുകൊണ്ട് കോട്ടത്തറയിൽ ഹെലികോപ്റ്റർ ഇറക്കാനാണ് പരിപാടി. കോട്ടത്തറയിലെ ഹെലിപാഡിന്റെ നിർമ്മാണവും കോട്ടത്തറ–മുക്കാളി റോഡിന്റെയും, മുക്കാളി–സൈലന്റ്‌വാലി റോഡിന്റെയും അറ്റകുറ്റപ്പണിയും നടക്കുന്നുണ്ട്. സൈലന്റ് വാലിയിലേക്കുള്ള റോഡിൽ ചെറുതായ മിനുക്കുപണികൾ മാത്രമേ ചെയ്യുന്നുള്ളു. കാട്ടുപാതയുടെ സ്വഭാവം നിലനിർത്തും.

## സഞ്ചാരത്തിന് ആനകൾ

സൈലന്റ്‌വാലി നാഷനൽ പാർക്കിന്റെ ഒററം റോഡ് ചെന്നവസാനിക്കുന്ന ഡാം സൈറ്റിലാണ് നീലഗിരിയുടെ തെക്ക് പടിഞ്ഞാറൻ അറ്റമായ അങ്കിണ്ട കൊട്ടമുടി.(സിസ്പാറപ്രദേശം) വരെ പാർക്ക് 30 കിലോമീറ്ററിലേറെ നീണ്ടുകിടക്കുന്നു. പാർക്കിനകത്ത് കുറച്ചു ദൂരമെങ്കിലും കയറിച്ചെല്ലാൻ പ്രധാനമന്ത്രി ആഗ്രഹിക്കുകയാണെങ്കിൽ അതിനായി നാല് ആനകളെ ഒരുക്കുന്നുണ്ട്. നിലമ്പൂരിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വകയാണ് ഈ ആനകൾ. ആനപ്പുറത്ത് കെട്ടാനുള്ള 'ഹൗഡ' (ഇരിപ്പിടം) മൈസൂരിൽ നിന്നു കൊണ്ടുവരും.

ഡാം സൈറ്റിൽ ഉള്ള ക്വാർട്ടേഴ്സിൽ ഒരെണ്ണം അടിയന്തരമായി റിപ്പേർ ചെയ്ത് ഫർണിഷ് ചെയ്യും. ഒന്നര മണിക്കൂറിലേറെ കാർ യാത്ര കഴിഞ്ഞ് വരുന്ന പ്രധാനമന്ത്രിക്ക് വിശ്രമിക്കാൻ വേണ്ടി.

പ്രധാനമന്ത്രിയുടെ സന്ദർശനം പാർക്ക് രൂപീകരണ പരിപാടികളെ ത്വരപ്പെടുത്തിയിട്ടുണ്ട്. പലതും അടിയന്തര പ്രാധാന്യത്തോടെ ചെയ്യാൻ അതൊരു കാരണമായി. പാർക്ക് രൂപീകരണം കൊണ്ട് മാത്രമായില്ല. സൈലന്റ്‌വാലി സംരക്ഷിക്കപ്പെടണമെങ്കിൽ ഈ താഴ്വരയുൾപ്പെടുന്ന ചുറ്റുമുള്ള വലിയൊരു വനമേഖല കേടുകൂടാതെ നിലനിൽക്കേണ്ടതുണ്ട്. പശ്ചിമഘട്ട മലനിരയിൽ വടക്ക് നാസിക്ക് ഭാഗത്തു നിന്നു തുടങ്ങി, വടക്കൻ കനറ, നീലഗിരി, വയനാട്, ആനമല, പറമ്പിക്കുളം, ഇരവികുളം, അഗസ്ത്യമല, നെയ്യാർ കാടുകൾ വരെയുള്ള പ്രദേശങ്ങൾചേർത്ത് ഒരു ജൈവ സംരക്ഷിതമേഖല രൂപീകരിക്കണമെന്ന് പ്രകൃതി ശാസ്ത്രജ്ഞർ നേരത്തെ നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രധാനമന്ത്രിയുടെ സന്ദർശനവേളയിലെങ്കിലും ഇത് സംബന്ധിച്ച നീക്കങ്ങൾ പുരോഗമിക്കുമെന്ന് പ്രകൃതി സ്നേഹികൾ പ്രതീക്ഷിക്കുന്നു.